പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 722

04.03.2020-ൽ മറുപടിയ്ക്ക്

## ലക്കി ടി കഞ്ചൻ നമ്പ്യാർ സ്മാരകം

**ചോദ്യം**

ശ്രീ. പി. ഉണ്ണി

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

എ) പാലക്കാട് ജില്ലയിലെ ഏക സാംസ്കാരിക സ്ഥാപനമായ ലെക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത കൊണ്ട് വീർപ്പുമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ധാരാളം സന്ദർശകർ ദൈനംദിനം എത്തുന്ന ഈ സ്ഥാപനത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

എ-യും, ബി-യും) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് പ്രവർത്തിക്കുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ വാർഷിക / ആവർത്തന ഗ്രാന്റ് 4 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് (2017-2018 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ) 10.07.2018-ലെ സ. ഉ (സാ. ധാ) നമ്പർ. 451/2018/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന പട്ടിക പ്രകാരമുള്ള വിവിധ ധനസഹായങ്ങൾ ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ക്രമ നമ്പർ | അനുവദിച്ച തുക | ആവശ്യം |
|---|---|---|---|
| 2016-17 | 1 | 13,94,000/- രൂപ | ചുറ്റു മതിൽ നിർമ്മാണം, കിണർ നിർമ്മാണം, കെടാവിളക്ക് സംരക്ഷണം |
| | 2 | 10,00,000/- രൂപ | ക്ലാസ്സ് മുറികൾ നിർമ്മാണം |
| | 3 | 25,00,000/- രൂപ | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം |
| 2017-18 | 4 | 9,50,000/- രൂപ | അടിസ്ഥാന സൗകര്യ വികസനം |
| | 5 | 5,00,000/- രൂപ | തുള്ളൽ മഹോത്സവം |

| | | | |
|---|---|---|---|
| | | | നടത്തിപ്പ് |
| | 6 | 3,00,000/- രൂപ | കലാ പ്രവർത്തനങ്ങൾക്കുള്ള അധിക ധനസഹായം |
| | 7 | 4,95,000/- രൂപ | ക്ലാസ്സ് മുറികൾ നിർമ്മാണം |
| 2018-19 | 8 | 50,00,000/- രൂപ | വിവിധ വികസന പ്രവർത്തനങ്ങൾക്ക് |

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം-II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) ക്രമ നമ്പർ. 2321-ായി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ കലാപീഠം സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിന് കീഴിൽ എസ്റ്റിമേറ്റ് തുകയായി 100 ലക്ഷം/- രൂപയും 2019-2020 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുന്ന തുകയായി 100/- രൂപ പരാമർശിച്ചിട്ടുണ്ട്, കൂടാതെ പ്രസ്തുത ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ക്രമ നമ്പർ. 2477-ായി കുഞ്ചൻ നമ്പ്യാർ സ്മാരകം-കെട്ടിടം നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിന് കീഴിൽ എസ്റ്റിമേറ്റ് തുകയായി 3,00,00,000/- രൂപയും 2019-2020 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുന്ന തുകയായി 60,00,000/- രൂപയും പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്മാരകത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾക്ക് ടി സ്മാരക അധികൃതർ സർക്കാരിൽ സമർപ്പിച്ച 1,96,80,000/- രൂപയുടെ പ്രപ്പോസൽ പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ